ഫെബ്രുവരി 14, 2014

# പാർലമെന്റിലെ ഒച്ചപ്പാട് കോൺഗ്രസിന്റെ കഴിവുകേട് വിളിച്ചോതുന്നത്

**അരുൺ ജെയ്റ്റ്ലി,**
പ്രതിപക്ഷ നേതാവ് (രാജ്യസഭ)

ഭരിക്കാനുള്ള അവകാശം യു.പി.എ.യ്ക്ക് നഷ്ടപ്പെട്ടെന്ന് ഞങ്ങൾ ആവർത്തിച്ചു പറഞ്ഞിട്ടുള്ള കാര്യമാണ്. തീരുമാനങ്ങൾ എടുക്കാനും നടപ്പാക്കാനുമുള്ള അവരുടെ കഴിവ് കഠിനമായ വിമർശനങ്ങൾക്ക് വിധേയമായിട്ടുണ്ട്. തെലങ്കാന സംസ്ഥാന രൂപീകരണവുമായി ബന്ധപ്പെട്ടുയരുന്ന രാഷ്ട്രീയസ്ഥിതി കൈകാര്യം ചെയ്യുന്നതിലുണ്ടായ കഴിവുകേടാണ് ഇന്നു നടന്ന സംഭവങ്ങളിലേക്ക് വിരൽചൂണ്ടുന്നത്. കോൺഗ്രസ് പാർട്ടി തന്നെ ഇക്കാര്യത്തിൽ രണ്ടഭിപ്രായം വച്ചുപുലർത്തുന്നു. പാർലമെന്റ് കാര്യക്ഷമമായും അന്തസ്സോടെയും പ്രവർത്തിക്കരുത് എന്നാണ് ആന്ധ്രാപ്രദേശിൽ നിന്നുള്ള എം.പി.മാർ ഉറപ്പുവരുത്തുന്നത്. ആ സംസ്ഥാനത്തിലെ മുഖ്യമന്ത്രിയാണെങ്കിൽ സംസ്ഥാനത്ത് ഭരണസ്തംഭനവും ഉറപ്പു വരുത്തുന്നു!

ഇന്നു പാർലമെന്റിൽ നടന്ന സംഭവവികാസങ്ങൾ ഇന്ത്യൻ ജനാധിപത്യത്തിന്റെ ഒരു വലിയ ആഘാതമാണ്. നിരോധിക്കപ്പെട്ടതും അപകടകരവുമായ വസ്തുക്കൾ പാർലമെന്റ് നടപടിക്രമങ്ങൾ തടസ്സപ്പെടുത്താനായി വിനിയോഗിക്കുന്നു. എന്താണ് യഥാർത്ഥത്തിൽ സംഭവിച്ചതെന്നുപോലും അംഗങ്ങൾക്ക് മനസ്സിലാകുന്നില്ല. ഇത്തരുണത്തിൽ തെലങ്കാനയിലെയും സീമാന്ധ്രയിലെയും ജനങ്ങളുടെ ന്യായമായ അവകാശങ്ങൾക്ക് പരിഹാരം കാണണമെന്ന യോജിപ്പിന്റെ നിലപാടാണ് പാർട്ടി കൈക്കൊണ്ടത്. ദുഃഖകരമെന്നു പറയട്ടെ, യു.പി.എ. ഇക്കാര്യത്തിൽ ദയനീയമായി പരാജയപ്പെട്ടു. ഇപ്പോഴത്തെ പ്രതിസന്ധി ഈ പരാജയത്തിന്റെ ഫലമാണ്. ഈ അവസ്ഥാവിശേഷം തെറ്റായ രീതിയിൽ കൈകാര്യം ചെയ്ത് കാര്യങ്ങൾ വഷളാക്കിയതിന്റെ പൂർണ്ണ ഉത്തരവാദിത്വം കോൺഗ്രസിനു മാത്രമാണ്. കോൺഗ്രസ് യഥാവിധി ഗൃഹപാഠം ചെയ്തും സ്വന്തം അംഗങ്ങളെ നിലയ്ക്കു നിറുത്താനും സാധിച്ചിരുന്നുവെങ്കിൽ ഇന്നു നടന്ന 'അസംബന്ധനാടകം ഒഴിവാക്കാമായിരുന്നു.